Govt.H.S.S Neduveli

# കൂട്ടക്ഷരങ്ങൾ




Little kites 2018-19

നെടുവേലി ഗവ.ഹയർ സെക്കന്ററി സ്കൂൾ
കൊഞ്ചിറ പി.ഒ,വെമ്പായം
തിരുവനന്തപുരം ഫോൺ -0472 2832016

# കൂട്ടക്ഷരങ്ങൾ

ലിറ്റിൽകൈറ്റ്സ് 2018-19

# ആമുഖം

നെടുവേലി ഗവ.ഹയർ സെക്കന്ററി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണമാണ് കൂട്ടക്ഷരങ്ങൾ .മൗസ് മുനയിൽ അക്ഷരമെഴുതാനും പടം വരയ്ക്കാനും പഠിപ്പിച്ച ഐ.റ്റി@സ്ക്കൂളിന് നന്ദി. കാലത്തിനൊപ്പവും അതിനു മുമ്പേയും നടക്കാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന പുതിയ വിദ്യയുടെ ലോകമാണിത്.ലോകം ഡിജിറ്റൽ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ ഒരു നാട്ടിൻ പുറത്തെ സർക്കാർ വിദ്യാലയത്തിന് ചുവടുതെറ്റാതെ ആ വഴി പിന്തുടരാൻ കഴിയുന്നത് എത്ര ഭാഗ്യമാണ്.വീട്ടിലേക്കുള്ള വഴികൾ ഇന്നും ഊടുവഴികളും വെളിച്ചം കുറഞ്ഞവയുമാണ്.ചുറ്റുമുള്ള ലോകം പ്രതീക്ഷ നിറഞ്ഞതാണെങ്കിലും അത് മികച്ചതൊന്നും ഞങ്ങൾക്കായി വച്ചു നീട്ടുന്നില്ല.

പക്ഷേ,വിദ്യാലയം ഞങ്ങൾക്ക് വെളിച്ചത്തിന്റെ കൂടാരമാണ്.പ്രകാശത്തിന്റെ പുതിയ വലിയ വലയങ്ങൾ ഞങ്ങളെ ചൂഴ്ന്നു നിൽക്കുന്നു.കാലത്തിനോട് ഭയമല്ല,ഞങ്ങൾക്ക് കൗതുകമാണ്. ആ കൗതുകങ്ങളും വീക്ഷണങ്ങളും ഞങ്ങൾ പഠിച്ച വിദ്യയിലൂടെ ഞങ്ങൾ തന്നെ തയ്യാറാക്കി സവിനയം സമർപ്പിക്കുന്നു സ്വീകരിച്ചാലും

ചീഫ് എഡിറ്റർ

# ഉള്ളടക്കം

**നെട്ടൂവേലി സ്കൂൾ ചരിത്രവും വർത്തമാനവും**


- എന്റെ മലയാളം - രാഹുൽ രാജേഷ് (കവിത )8
- അനുകരണത്തിന്റെ ദോഷങ്ങൾ - ആദിത്യ.എസ് (ലേഖനം ) 9
- സൗഹൃദത്തിന്റെ സന്തോഷവും ദുഖവും - ആസിഫ (ലേഖനം) 10
- ആദർശ കുടുംബം - അഫ്സൽ മുഹമ്മദ് (ലേഖനം) 11
- വായനയുടെ മഹാപ്രപഞ്ചം - ഗോപിക കൃഷ്ണൻ (ലേഖനം) 12
- ഫെയ്സ് ബുക്ക് - ആദിത്യ .എസ് (ലേഖനം) 13
- ബാലവേല ഒരു തിന്മയുടെകഥ - അരവിന്ദ് എ.എസ് (ലേഖനം) 14
- കലാലയ രാഷ്ട്രീയം ഉയർത്തുന്ന വെല്ലുവിളികൾ - ചിത്രനാഥ്.റ്റി (ലേഖനം) 15
- കേശവന്റെ ലൈബ്രറി - ആദിത്യനാഥ് (ചെറുകഥ) 16-17
- നല്ലകാലം - സ്നേഹ എസ് നായർ (കവിത) 18
- വൃത്തിയും മനുഷ്യനും - ജ്യോതിഷ് എ.എസ് (ലേഖനം) 19
- സോഷ്യൽ മീഡിയ ഗുണമോ ദോഷമോ - ആഷ്ന എച്ച്.എസ് (ലേഖനം) 20
- അർത്ഥങ്ങൾ - ആദിത്യ.എസ് (ചെറുകഥ) 21
- ഗാന്ധിജി - മുഹമ്മദ് ആഷിക്.എം (കവിത) 22
- അഭയാർത്ഥികൾ - ആദിത്യനാഥ് (ലേഖനം) 23
- ഓണക്കാലത്തെ മാവേലിമാർ - അഭിജിത്ത്.കെ (ലേഖനം) 24
- സ്നേഹം - സ്നേഹ എസ്.നായർ (കവിത) 25
- വില്ലനാകുന്ന ഗെയിമുകൾ - അർച്ചന.എസ് (ലേഖനം) 26
- സമയം ഒരു അമൂല്യ രത്നം - ആര്യറാം (ലേഖനം) 27
- ട്രോളന്മാരും സമൂഹവും - ആദിത്യ.എസ് (ലേഖനം) 28
- നാദം നിലച്ച വയലിൻ - രാഹുൽ രാജേഷ് (കവിത) 29

# 'കൂട്ടക്ഷരങ്ങൾക്ക' പിന്നിൽ

| | | |
|---|---|---|
| എഡിറ്റർ | : | കൈലാസ് . എസ് |
| സബ് എഡിറ്റേഴ്സ് | : | അനന്തകൃഷ്ണൻ നായർ |
| | : | അഭിഷേക് |
| കവർ പേജ് | : | ഹരികൃഷ്ണൻ,അരവിന്ദ്,അജൽ |

എഡിറ്റോറിയൽ ബോർഡ് : ഗോകുൽ
അബി
അനന്തു
സുനാജ്
നിതിൻ സുരേഷ്
വസന്തകമാർ
സെയ്ദ് അലി



# ആശംസകൾ

നെടുവേലി സർക്കാർ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ കുട്ടക്ഷരങ്ങൾ എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.ഐ.റ്റി ലാബിലെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. കുട്ടുകാരുടെ സാഹിത്യഭാവനയ്ക്ക് കുട്ടുകാർ അക്ഷരം ചമയ്ക്കുന്ന,ചമയമൊരുക്കുന്ന 'കുട്ടക്ഷരങ്ങൾ' ഏറെ വിസ്മയത്തോടെ, സന്തോഷത്തോടെയാണ് ഞാൻ കണ്ടത്.മലയാളം ടൈപ്പിംഗിൽ എന്റെ കുട്ടികൾ കയറിയ പടവുകൾ സ്കൂളിന്റെ അഭിമാനമായി കാണുന്നു.

കുട്ടികൾക്കും അവർക്ക് വഴികാട്ടികളായ മീരടീച്ചറിനും സന്തോഷ് സാറിനും അഭിനന്ദനങ്ങൾ

**കെ.ജയശ്രീ**
**ഹെഡ്മിസ്ട്രസ്സ്**



# നെട്ടുവേലി സ്കൂൾചരിത്രവും വർത്തമാനവും

ആയിരത്തി തൊള്ളായിരത്തി എഴുപത്തിയാറ് ജൂൺ ഒന്നാം തീയതിയാണ് നെട്ടുവേലി സ്കൂളിന്റെ പ്രവർത്തനോദ്ഘാടനത്തിന് തിരികൊളുത്തിയത്. നെടുമങ്ങാട് മുൻ എം.എൽ.എ ആയിരുന്ന ശ്രീ.കെ.ജി കുഞ്ഞുകൃഷ്ണപിള്ളയാണ് സ്കൂളിന്റെ സ്ഥാപകൻ.അദ്ദേഹത്തൊടൊപ്പം കമുകറക്കോണത്ത് ശ്രീ.പി.ചന്ദ്രശേഖരപിള്ളയും നാട്ടുകാരും ഈ സർക്കാർ വിദ്യാലയം നാടിനു വെളിച്ചമാകാൻ മുന്നിട്ടിറങ്ങി.

എട്ടാം ക്ലാസ്സ് ആരംഭിക്കുമ്പോൾ ഹെഡ്മാസ്റ്ററായി പിരപ്പൻകോട് ശിവൻപിള്ള സാർചുമതലയേറ്റു.
കെ.ശ്രീകുമാരിയമ്മ,വി.തങ്കമ്മ,ഗോപാലൻമാസ്റ്റർ,എച്ച്.അബ്ദുൾസലാം എന്നിവരായിരുന്നു ആദ്യകാല അദ്ധ്യാപകർ. 1991 –ൽ പ്ലസ്സ് ടു അനുവദിച്ചതോടെ നെട്ടുവേലി സ്കൂൾ ഹയർസെക്കണ്ടറി വിദ്യാലയമായി.

ഇപ്പോൾ ഹൈസ്കൂളിൽ ഒൻപതു ഡിവിഷനിലായി 356 കുട്ടികളും ഹയർസെക്കണ്ടറിയിൽ പത്ത് ബാച്ചുകളിലായി 600 ൽ അധികം കുട്ടികളും പഠിക്കുന്നു.

കലാ കായിക രംഗത്തും ശാസ്ത്ര മേളയിലും ഐ.റ്റി മേളയിലും സ്കൂൾ നിരവധി വർഷങ്ങളായി ഓവറാൾ നിലനിർത്തി വരുന്നു.

എസ്.എസ്.എൽ.സി പരീക്ഷയിൽ ഏഴു വർഷം നൂറു ശതമാനം വിജയം കരസ്ഥമാക്കിയ ജില്ലയിലെ ഏക സർക്കാർ വിദ്യാലയമാണിത്.

വിഷ്ണുഗോപാൽ (തിരക്കഥാകൃത്ത്) ,മുഹാദ് വെമ്പായം (നാടകകൃത്ത്) ,രശ്മി ഖോ–ഖോ നാഷണൽ താരം,അരവിന്ദ് പെരുംകുളർ (ഷോട്ട് ഫിലിം സംവിധായകൻ) അങ്ങനെ നിരവധി പ്രതിഭകൾ നെട്ടുവേലി സ്കൂളിന്റെ പൂർവ വിദ്യാർത്ഥികളായുണ്ട്.

**കവിത**

**രാഹുൽ രാജേഷ് പത്ത്.എ**

# എന്റെ മലയാളം

മരതക മലർവനി മലയാളം
സമഭാവനയുടെ മലയാളം
പൊരുളറിവോരുടെ മലയാളം
കർമക്ഷേത്ര മലയാളം
അദ്വൈതത്തിൻ ഗുരുപീഠം
ചിന്താ വിപ്ലവ മണിമുറ്റം
കല്ലും മണ്ണും പുൽക്കൊടി
പോലും
കേളിയുയർത്തും മലയാളം
ശ്രുതിലയമിളിതം മലയാളം




# അക്ഷരം

ഈ ലോകം വാഴുന്ന
ഊർജ്ജമാണക്ഷരം

മറുലോകം തേടുവാൻ
വഴികളാണക്ഷരം

ആത്മസംഗീതത്തിൻ
നാദമാണക്ഷരം

ആദ്യാക്ഷരങ്ങൾ....
തിരുമധുരമാമക്ഷരങ്ങൾ

**ലേഖനം**

# അനുകരണത്തിന്റെ ദോഷങ്ങൾ

**ആദിത്യ.എസ് പത്ത്.സി**



വെളുക്കാൻ തേച്ചത്പാണ്ടായി എന്ന പഴഞ്ചൊല്ലിനെ ബലപ്പെടുത്തിക്കൊണ്ട് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്.അനുകരണം ഒരു കലയാണ്.അത് രസിപ്പിക്കാനും ചിന്തിപ്പിക്കാനും നമ്മെ സഹായിക്കുന്നു.മോഹൻലാലിനെയും മമ്മൂട്ടിയെയും അനുകരിക്കുമ്പോൾ നമ്മൾ കൈകൊട്ടിച്ചിരിക്കുന്നു.അത് കലാകാരന്മാരുടെ ഭാവിയെയും പ്രശസ്തിയെയും വളർത്തുന്നു.പക്ഷെ അനുകരണം എന്ന വാക്കിനു അസൂയയും കുശുമ്പുമെന്ന അർത്ഥം കൂടി ഉണ്ട്.

അനുകരണത്തിൽ രക്ഷപ്പെടുന്നവരും വഞ്ചിതരാകുന്നവരും അനവധിയാണ്. അനുകരണം നല്ലതാണെന്നും ഒരിക്കലും പറയാനാകില്ല.അനുകരണ ദോഷങ്ങൾ വളരെയേറെയാണ്.അനുകരണ പ്രവണത കൂടുതൽ നടക്കുന്നത് വ്യാപാരമേഖലയിലാണ്.ഹോർലികിസ് കുടിച്ച് ടി.വി യിൽ കാണുന്ന പോലെ ഓടാനും ചാടാനും നമുക്ക് കഴിയുമോ? ഫെയ്സ് ക്രീം ഉപയോഗിച്ച് സൗന്ദര്യം വർദ്ധിപ്പിക്കാൻ കഴിയുമോ.

സിനിമയിലെ നായകന്മാർ കെട്ടിടത്തിന്റെ മുകളിൽ നിന്ന് ചാടുകയും വെടിവച്ചശേഷം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും.അത് നമുക്ക് പറ്റുമോ? ഇതെല്ലാം പരസ്യതന്ത്രങ്ങളും താരപ്രഭ കാട്ടാനുള്ള അവസരങ്ങളുമാണ്.ഇത് ജനങ്ങൾ അറിയുന്നില്ല.അനുകരണം പലപ്പോഴും ജനങ്ങളെ കഷ്ടത്തിലാക്കുകയും ചെയ്യും.

ഇപ്രകാരം അനുകരണത്തിൽ വഞ്ചിതരാകുന്നവർ ഒന്നു ചിന്തിക്കുക.നിങ്ങൾ ഒരു മനോരോഗിയാണ്.കാരണം നിങ്ങൾ സ്വന്തമായി ഒന്നും ചിന്തിക്കുകയോ ആലോചിക്കുകയോ ചെയ്യാതെയാണ് എല്ലാ കാര്യവും ചെയ്യുന്നത്.

ലേഖനം

# സൗഹൃദത്തിന്റെസന്തോഷവും ദുഖവും

ആസിഫ –പത്ത്.എ

ഇന്നത്തെ കാലത്ത് നല്ലൊരു ചങ്ങാതിയെ കിട്ടാൻ ബുദ്ധിമുട്ടുതന്നെയാണ്.കാരണം സൗഹൃദമെന്ന മൂന്നക്ഷരം സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഒരു കലവറ തന്നെയാണ്.മറ്റുള്ളവരെ ദുഖിപ്പിക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്നത് ഇതുതന്നെയാണ്.

ലഹരി ഒരാളെ നശിപ്പിക്കുമ്പോൾ അവരുടെ കൂട്ടുകാരും നശിക്കുന്നു.സ്കൂൾ ജീവിതത്തിലും കൂട്ടുകെട്ടിലുമാണ് ഇത് കാണുന്നത്.എന്നാൽ സൗഹൃദമെന്നത് പിണക്കവും ഇണക്കവും ചേർന്ന ഒരു സ്നേഹ കലവറയാണ്.മറ്റുള്ളവരുടെ ദുഖവും സന്തോഷവും പങ്കുവക്കുന്നതാണ് സൗഹൃദം.നല്ല ചങ്ങാതിയെ കൂടെ നിർത്താനും ചീത്ത ചങ്ങാതിയെ അകറ്റി നിർത്താനും നമ്മൾ മറന്നു പോകുന്നു.അതുകൊണ്ടു തന്നെ സൗഹൃദം നമ്മെ ഒരുപാട് ദുഖിപ്പിക്കുന്നു.സുഹൃദ്ബന്ധം എന്നത് അനശ്വരമാണ്.അത് അത്രയേറെ മാധുര്യമുള്ളതും മൂർച്ചയുള്ളതുമാണ്.ഒരു നാളും മറക്കാത്ത ഓർമയാണ് സൗഹൃദം



ലേഖനം

# ആദർശ കുടുംബം

അഫ്സൽ മുഹമ്മദ് പത്ത്.ബി



അച്ഛനും അമ്മയും മക്കളും അവരെ തമ്മിൽ ബന്ധിപ്പിക്കുന്ന സ്നേഹവും കളിചിരിയുമെല്ലാം നിറഞ്ഞ ഒരു സങ്കൽപ്പമാണ് കുടുംബം.ഭാരതത്തിന്റെ ഈ സങ്കൽപ്പം ലോകത്തിനു തന്നെ മാതൃകയാണ്.ശ്രേഷ്ഠമായ ജീവിത ശൈലി

പുതുതലമുറക്കു പകർന്ന് നൽകാൻ കുടുംബത്തിന് കഴിയും.പുതിയ തലമുറയെ നന്നാക്കുന്നതിലും ചിട്ടയായ മൂല്യബോധം പഠിപ്പിച്ചു കൊടുക്കുന്നതിലും കുടുംബങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

എന്നാൽ പാശ്ചാത്യലോകത്തു നിന്ന് ഭാരതത്തിലേക്കടിക്കുന്ന പരിഷ്ക്കാരത്തിന്റെ കാറ്റ് കുടുംബബന്ധങ്ങളെ ശിഥിലമാക്കി എന്നതും മറച്ചു വയ്ക്കാനാകില്ല.ആ സംസ്ക്കാരം അനുകരിക്കാൻ വെമ്പൽ കൊള്ളുന്നവർക്ക് കുടുംബബന്ധങ്ങളിൽ സംഭവിച്ച പരിണാമം നാം കാണാതിരുന്നുകൂട.തങ്ങളുടെ ബാല്യം നഷ്ടപ്പെട്ട് ബോർഡിങ്ങുകളിൽ ജീവിതം നീക്കുന്ന കുട്ടികളും പെരുകുന്ന വൃദ്ധസദനങ്ങളും ഇതിന് ഉദാഹരണമാണ്.നമ്മുടെ പഴയ സംസ്ക്കാരം തിരിച്ചു കൊണ്ടു വരുന്നതിൽ പുതു തലമുറക്കു വഹിക്കാനുള്ള പങ്ക് വളരെ വലുതാണ്.എന്നാൽ അത്യധികം ലളിതമായി അത് പ്രാവർത്തികമാക്കുകയും ചെയ്യാം.ദിവസവും ഒരു നേരമെങ്കിലും കുടുംബത്തിലെ എല്ലാ അംഗങ്ങളോടുമൊപ്പം ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാം.എന്ത് പ്രശ്നവും മാതാപിതാക്കളുമായി ചർച്ച ചെയ്യാം.പ്രശ്നങ്ങൾക്കുള്ള പരിഹാരം മാതാപിതാക്കളിൽ നിന്നു തന്നെ കിട്ടുമ്പോൾ പ്രശ്നം ലഘൂകരിക്കപ്പെടുകയും മാനസിക സംഘർഷം കുറയ്ക്കുകയും ചെയ്യും.നിത്യജീവിതത്തിലെ സംഭവങ്ങൾ അവരുമായി പങ്കുവയ്ക്കാൻ സമയം കണ്ടെത്തുക.കുടുംബത്തിന്റെ വരുമാനം കുട്ടികൾ അറിഞ്ഞിരിക്കുകയും അതിനനുസരിച്ചു മാത്രം ചെലവവിക്കാൻ പഠിക്കുകയും ചെയ്യണം.മാതാപിതാക്കളുടെ ബാല്യകാല സ്മരണകളും ജീവിതത്തിലെ വഴിത്തിരിവുകളും അവരിൽ നിന്നും സ്വീകരിക്കാനും അതിൽ നിന്നും നാടിനെ സ്നേഹിക്കാനും ലക്ഷ്യബോധമുള്ളവരായി വളരാനും നമുക്ക് കഴിയണം.ഒരു ബാല്യത്തെയും ഇനി കുടുംബത്തിൽ നിന്നും വേർപെടുത്താതിരിക്കാം.ഒരു മാതാപിതാക്കളെയും വൃദ്ധസദനത്തിലേക്ക് അയയ്ക്കാതിരിക്കാം.സ്നേഹവും ഐക്യവും പുതുതലമുറയെ പഠിപ്പിക്കാം.മൂല്യബോധമുള്ളവരായി നമുക്ക് വളരാം.

**ലേഖനം**

# വായനയുടെ മഹാപ്രപഞ്ചം

**ഗോപിക കൃഷ്ണൻ പത്ത്.എ**

ഒരു മനുഷ്യന്റെ ജീവിതാവസാനം വരെ അയോളോടൊപ്പം എന്നും കൂടെ കാണുന്ന ഒന്നാണ് അയാൾ വായിച്ചറിഞ്ഞ വ്യത്യസ്ത ങ്ങളായ അനുഭവങ്ങളും അറിവുകളും.വായന എന്നത് എത്രയോ വിശാലമായ ഒന്നാണ്.കവികളും കഥാകൃത്തുക്കളും ലേഖകരും ഇങ്ങനെ ഒരുപാടു വ്യക്തികൾ നമുക്കായി വായനയുടെ ലോകം സംഭാവന ചെയ്തിട്ടു**ണ്ട്**.വായന ഒരു മഹാപ്രപഞ്ചം തന്നെയാണ്.ദൃശ്യ വിസ്മയങ്ങളെ നാം എത്രത്തോളം സന്തോഷത്തോ**ടെ**യാണ് സ്വീകരിക്കുന്നത്.അതുപോലെയാണ് വായനയും.നമ്മളെ ഒരു പുതിയ ലോകത്തേക്ക് വായന കൂട്ടിക്കൊ **ണ്ടു** പോകുന്നു.കുഞ്ഞുണ്ണി മാഷ് പറഞ്ഞിട്ടു**ണ്ട്**. **വായിച്ചാൽ വിളയും / വായിച്ചില്ലേൽ വളയും –**അതെത്ര ശരിയാണ്.



ചെറുകഥ

# ഫെയ്സ്ബുക്ക്

ആദിത്യ,പത്ത്.സി

ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ചിട്ടകളും ശൈലികളും അവനെ മടുപ്പിച്ചു.ഇനിയുള്ള കാലത്ത് ഇംഗ്ലീഷിനു മാത്രമേ മൂല്യമുള്ളുയെന്ന് തിരിച്ചറിവുണ്ടായ അവന്റെ മാതാപിതാക്കൾ സർക്കാർ സ്കൂളിലെ മലയാളം മീഡിയത്തിൽ നിന്നു അവനെ അടർത്തി മാറ്റി.അവനു അവിടെ നഷ്ടമായത് സ്നേഹമുള്ള അദ്ധ്യാപകരും സ്വാതന്ത്ര്യവും സൗഹൃദവുമാണ്.

അവൻ തടങ്കലിൽ ഞെരുങ്ങി അമർന്നു ജീവിക്കുമ്പോൾ അവന്റെ മാതാപിതാക്കൾക്ക് വീണ്ടുമൊരു തിരിച്ചറിവുണ്ടായി.അവനൊരു വിനോദത്തിനായി ഒരുമൊബൈൽഫോൺ വാങ്ങി കൊടുത്തു.ഒരു ടച്ച് ഫോൺ.

മൊബൈൽ കിട്ടിയപ്പോൾ അവനൊരു തിരിച്ചറിവുണ്ടായി.ഫെയ്സ് ബുക്ക് അക്കൗണ്ടു തുടങ്ങണം...തുടങ്ങി ഒരു മാസത്തിനകം അഞ്ഞൂറോളം ഫ്രൺസുകളോട് സൗഹൃദത്തിലായി.

കൂടെ പഠിക്കുന്ന കുട്ടികളാണ് കൂടുതലും സുഹൃത്തുക്കൾ.ഡിസിപ്ലിനും കമ്യൂണിക്കേഷൻ ഇംഗ്ലീഷിലാവണമെന്ന നിയമവും അവൻ പാലിച്ചില്ല.അവന്റെ മലയാളം കേട്ട ഒരു കുട്ടി പ്രിൻസിപ്പാളിനോട് കംപ്ളയിന്റ് ചെയ്തു.

അന്നത്തെ ദിവസം സൂര്യനു കീഴെ തുടയിൽ കിട്ടിയ അടിയുടെ പാടും തടവി നിന്നു.പിന്നെ ഫൈനും എഴുതിക്കൊടുത്തു.അഞ്ഞൂറു രൂപ.മലയാളം പറഞ്ഞതിന്.

ദൈവമേ...അച്ഛന്റെ ഒരു ദിവസത്തെ കൂലി നാനൂറ് രൂപ.എങ്ങനെ കൊടുക്കും.

അച്ഛൻ കടം വാങ്ങി ഫൈൻ കൊടുത്തു.പിന്നെ അവൻ ആരോടും മിണ്ടിയില്ല. കൂട്ടുകാരെ അവനു പേടിയായി.



ലേഖനം

# ബാലവേല ഒരു തിന്മയുടെ കഥ

അരവിന്ദ് എ.എസ് ഒൻപത്.സി

പ്രായപൂർത്തിയാകാത്ത കുട്ടികളെ ദിവസ വേതനത്തിന് ജോലി ചെയ്യിപ്പിക്കുന്നതിനെയാണ് ബാലവേല എന്നു പറയുന്നത്.അനാഥത്വവും ജീവിത സാഹചര്യങ്ങളുമാണ് കുട്ടികളെ ബാലവേല ചെയ്യാൻ പ്രേരിപ്പിക്കുന്നത്. ഇതിൽ ചില കുട്ടികൾ ഭിക്ഷാടനമോ അതി കഠിനമായ ജോലികളോ ചെയ്യുന്നു.അതുമൂലം അവർക്ക് വിദ്യാഭ്യാസമോ ജീവിതസുഖമോ അറിയാൻ കഴിയാതെ വരുന്നു.ബാലവേലക്ക് എതിരായ നിയമം 2006 ൽ നിലവിൽ വന്നു.എങ്കിലും കുട്ടികളുടെ ദുരിതങ്ങൾ മാറിയിട്ടില്ല.1986 ൽ വ്യാവസായിക തലത്തിൽ ബാലവേല നിരോധിച്ചു.

കുട്ടികളുടെ സന്തോഷങ്ങൾ അറിഞ്ഞും ആശ്വസിപ്പിച്ചും വളർത്തുന്നത് അവരുടെ അച്ഛനമ്മമാരാണ്.എന്നാൽ അനാഥരായ കുട്ടികൾക്ക് ബാലവേല ചെയ്യേണ്ടി വരുന്നു.ഇവർക്ക് സന്തോഷവും വിദ്യാഭ്യാസവും കൊടുക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്.സർക്കാർ അതിനായി നിരവധി പദ്ധതികൾ തയ്യാറാക്കിയിട്ടുങ്കിലും സമൂഹം ഇനിയും മാറിയിട്ടില്ല.

ഹോട്ടലുകൾ,വർക്ക്ഷോപ്പുകൾ,മത്സ്യവിൽപ്പനശാലകൾ, കെട്ടിടനിർമ്മാണം എന്നിവിടങ്ങളിൽ ബാലവേല ശക്തമാണ്.ബാലവേല സാമൂഹിക തിന്മയാണെന്ന് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.ബാലവേല തടയാൻ ഏറ്റവും അനുകൂല സാഹചര്യമുള്ള സംസ്ഥാനം കേരളമാണ്.കാരണം ഇവിടത്തെ വിദ്യാഭ്യാസ മുന്നേറ്റം തന്നെയാണതിനു കാരണം.കേരളത്തിൽ ബാലവേലയെ സാമൂഹിക തിന്മയായി കണ്ട് അതിനെതിരെ നടപടി നടത്താൻ കേരളത്തിൽ ചൈൽഡ് ലൈൻ പോലുള്ള സംഘടനകൾ വളരെ ഊർജ്ജിതമാണ്.



**ലേഖനം**

# കലാലയ രാഷ്ട്രീയം ഉയർത്തുന്ന വെല്ലുവിളികൾ

**ചിത്രനാഥ്.റ്റി ഒൻപത്.സി**



സുന്ദരമായ സ്വപ്നങ്ങൾ കണ്ട് വിദ്യാലയങ്ങളിൽ കാലെടുത്തു വയ്ക്കുന്ന വിദ്യാർത്ഥികൾ രാഷ്ട്രീയത്തിന്റെ പേരിൽ ചേരി തിരിവുണ്ടാക്കുകയും തമ്മിലടി ക്കുകയും കൊല്ലപ്പെടുകയും ചെയ്യുന്നതാണ് നാം ഇന്ന് ക ണ്ടുവരുന്നത്.രാഷ്ട്രീയമെന്നത് തമ്മിൽ തല്ലിയും പരസ്പരം കൊന്നും നേടിയെടുക്കേണ്ട തല്ല. രാഷ്ട്രീയമെന്താണെന്ന് ഓരോ വിദ്യാർത്ഥിയും തിരിച്ചറിയണം.അക്രമാസക്തമായ തിന്മകളിൽ മുഴുകാതെ തിരി ച്ചറിവോടെ പ്രവർത്തിക്കുന്നവരാകണം വിദ്യാർത്ഥികൾ.വിദ്യാർത്ഥി രാഷ്ട്രീയം വളരുമ്പോൾ പഠിപ്പുമുടക്കിന്റെ പേരിൽ പൊതുമുതൽ നശിപ്പിക്കുക,സ്കൂ ളിൽ പഠിക്കാൻ സന്നദ്ധരായ കുട്ടികളെ ഉപദ്രവിക്കുക,അദ്ധ്യാപകരോട് മോശ മായി പെരുമാറുക എന്നിങ്ങനെ വികലവും ജീർണവും നിന്ദ്യവുമായ സമര മാർഗ്ഗങ്ങൾ കുട്ടികൾ ഒരിക്കലും പിന്തുടരരുത്.രാജ്യപുരോഗതി ലക്ഷ്യം വച്ചു കൊണ്ട് മനുഷ്യന്റെ നന്മ എന്ന ആശയത്തിൽ ഊന്നിയുള്ള കലാലയരാഷ്ട്രീയ മാകട്ടെ നമ്മുടെ മുദ്രാവാക്യം.അതിലൂടെ സുന്ദരമായ ആദർശരാജ്യം പടുത്തു യർത്താൻ നമുക്ക് കഴിയും.

**ചെറുകഥ**

# കേശവന്റെ ലൈബ്രറി

**ആദിത്യനാഥ് എട്ട്.സി**

ഏണിമലക്കുന്ന് ചെറിയ ഗ്രാമമാണ്.അവിടത്തെ ഹൈസ്ക്കൂളിലെ സെക്യൂരിറ്റിയാണ് കേശവൻ.സമീപത്ത് മറ്റു സ്കൂളുകൾ ഇല്ലാത്തതുകൊണ്ട് മിക്ക കുട്ടികളും അവിടയൊണ് പഠിക്കുന്നത്.സാഹചര്യങ്ങൾക്കനുസരിച്ച് ജീവിക്കുന്ന കുട്ടികൾക്ക് വിദ്യാലയത്തിലെ കുറവുകളിൽ പരാതിയില്ലായിരുന്നു.പക്ഷെ ഒരു കുറവുണ്ട്.ലൈബ്രറി മാത്രം ഇല്ലായിരുന്നു.ആ കെട്ടിടം ആരും ശ്രദ്ധിക്കാറില്ല.കേശവൻ വായനശീലമുള്ളവനാണ്.കൈയിൽ ഒരു പാട് പുസ്തകങ്ങളുമുണ്ട്.വായനയുടെ മഹത്ത്വം എല്ലാവരും അറിഞ്ഞിരിക്കണം. കേശവൻ ഇടയ്ക്കിടക്ക് പറയാറുണ്ട്.ഒരിക്കൽ ലൈബ്രറി നന്നാക്കാൻ കേശവൻ ശ്രമിച്ചതാണ്.പക്ഷേ സെക്യൂരിറ്റിയുടെ വാക്കുകൾ ആര് കേൾക്കാൻ.കേശവൻ സാധാരണ സ്കൂളിൽ തന്നെയാണ് ഉറക്കം.വീടും സ്കൂളിന് തൊട്ടടുത്താണ്.


ഒരു ദിവസം രാത്രി ശബ്ദം കേട്ടാണ് കേശവൻ ഉണർന്നത്.ശബ്ദം സ്കൂളിൽ നിന്നല്ല.സ്കൂളിനോട് ചേർന്ന കേശവന്റെ വീട്ടിൽ നിന്നാണ്.കേശവനും ശബ്ദമുണ്ടാക്കാതെ വീട്ടിൽ കയറി.മുറിയിൽ ഒരാളനക്കം.അലമാര തുറക്കുന്ന ശബ്ദം.ഒരാൾ അടുത്തേക്ക് നടന്നു വരുന്നു. കേശവൻ പെട്ടെന്ന് തെന്നിവീണു.അയാൾ ഓടി.എഴുന്നേറ്റ് കേശവൻ അലമാര പരിശോധിച്ചു.ഒന്നും പോയിട്ടില്ല.പിന്നെ എന്തായിരുന്നു ആ ആളിന്റെ കൈയിലെ പൊതി.? ഒരു ദിവസം കടന്നു.

കേശവൻ. അന്നും പതിവുപോലെ സ്കൂളിൽ പോയി.മനസ്സു വേദനിച്ചു.തിരികെ വീട്ടിലേക്ക് പോയി.അലമാര ഒന്നുകൂടി പരിശോധിച്ചു.എന്തോ ഒന്ന് കാണാതായതു പോലെ.പരിഭ്രമം വരുമ്പോൾ കേശവൻ പുസ്തകം വായിക്കാറാണ് പതിവ്.തനിക്ക് ഏറ്റവും ഇഷ്ടമുള്ള പൊൻകുന്നം വർക്കിയുടെ കഥകൾ കാണാത്തതുകൊണ്ട് തകഴിയുടെ ചെമ്മീൻ എടുത്തു വായിച്ചു.സമയം പോയത് കേശവനറിഞ്ഞില്ല.പുറത്താരോ കതകു തുറന്നു. കേശവൻ ഒളിച്ചു നിന്നു.ഒരു കുട്ടിയാണ്. തന്റെ സ്കൂളിലെ കുട്ടിയാണ് . കേശവൻ അവനെ ചാടിപ്പിടിച്ചു. അവന്റെ കൈയിൽ നിന്ന് ഒരു വലിയ പുസ്തകം തറയിൽ വീണു.കേശവൻ ഞെട്ടി.അതാ കിടക്കുന്നു തന്റെ പൊൻകുന്നം വർക്കിയുടെ കഥകൾ.കുട്ടി സത്യം പറഞ്ഞു.

“പാഠപുസ്തകത്തിലെ ഒരു പാഠം പൊൻകുന്നം വർക്കിയുടെ ശബ്ദിക്കുന്ന കലപ്പയാണ്.പക്ഷേ കുറച്ചു മാത്രമേ പുസ്തകത്തിലുള്ളു.മുഴുവൻ വായിക്കാനൊരാഗ്രഹം. കേശവൻ ചേട്ടന്റെ കൈയിൽ ഉണ്ടെന്ന് കേട്ടു.” കേശവൻ ഒന്നോർത്തു.ഈ കുട്ടി തന്റെയടുത്തു വന്ന് പുസ്തകം തരുമോന്ന് ചോദിച്ചതും തരില്ലാന്ന് താൻ മറുപടി പറഞ്ഞതും അയാളുടെ മനസ്സ് വേദനിച്ചു.വായനയുടെ മഹത്ത്വം പറഞ്ഞിട്ട് ഒരാൾക്ക് പുസ്തകം നിരസിച്ചത് തെറ്റായിപ്പോയി.കുട്ടി പറഞ്ഞു. “ മോഷ്ടിക്കുന്നത് തെറ്റാണെന്നറിയാം.വായിക്കാനുള്ള കൊതി കൊണ്ടാ

ഇതെടുത്തത്...ഞാൻ വായിച്ചിട്ട് തിരികെ വയ്ക്കാൻ വന്നതാ..!

പിന്നെ കേശവനെ ലൈബ്രറി പുതുക്കിപ്പണിയാൻ സഹായിച്ചത് കുട്ടികളാണ്. കേശവൻ സ്വന്തം പുസ്തകങ്ങൾ മുഴുവൻ  സ്കൂൾ ലൈബ്രറിയിൽ നിരത്തി.പുറത്തു നിന്ന്
പുസ്തകങ്ങൾ സംഘടിപ്പിച്ചു.
ഇപ്പോൾ ലൈബ്രേറിയൻ കേശവനാണ്.



കവിത

# നല്ലകാലം

സത്യവും ധർമ്മവും
നീതിയും വാണൊരു
നല്ല കാലം പോയി
എങ്ങൊളിച്ചു
സ്നേഹവും സൗമ്യവും കൂട്ടായി വന്നൊരു
നല്ല കാലം പോയി
എങ്ങൊളിച്ചു
മാനുഷർ തങ്ങളിൽ തുല്യരായ് വാണൊരു നല്ല
കാലം പോയി
എങ്ങൊളിച്ചു
ദുഖങ്ങളില്ലാത്ത
ദുരിതങ്ങളില്ലാത്ത
നല്ല കാലം പോയി
എങ്ങൊളിച്ചു
ജാതി മതങ്ങൾക്കു
ജന്മമേകീടാത്ത

ആ നല്ല കാലം പോയി എങ്ങൊളിച്ചു

# കേരളം

കേരങ്ങൾ തിങ്ങുന്ന
കേരളമേ
കേളികൊട്ടുയരുന്ന കേരളമേ
കോമള നാടെന്നു കവികൾ പുക
ഴ്ത്തിയ
ഭാർഗ്ഗവരാമന്റെ കേരളമേ
തുള്ളൽ,കഥകളി,കൂടിയാട്ട,കല
നിത്യം വസിക്കുന്ന
നല്ല നാടേ
സമ്പദ് സമൃദ്ധിയും
സർവ്വാഭിവൃദ്ധിയും
നിത്യം വിളങ്ങുന്ന
പുണ്യ നാടേ
ശങ്കരാചാര്യനും
വിദ്യാധിരാജനും
ഗുരുദേവനും വാണ
കൊച്ചു നാടേ
മാതൃകയായി മറ്റു ദേശ
ങ്ങൾക്കെന്നും
മഹതിയായ് സ്ഥാന
മലങ്കരിക്കൂ .



**സ്നേഹ എസ് നായർ പത്ത്.സി**

ലേഖനം

# വൃത്തിയും മനുഷ്യനും

ജ്യോതിഷ് എ.എസ് പത്ത്.സി



മനുഷ്യരാശി നേരിടാൻ സാധ്യതയുള്ള ഏറ്റവും വലിയ വിപത്തായി മൂന്നാം ലോകമഹായുദ്ധത്തെ കണ്ടിരുന്നു.എന്നാൽ ഇന്ന് പരിസ്ഥിതി മലിനീകരണം അതിലധികം ഭയാനകമായ രൂപം പ്രാപിച്ചിരിക്കുകയാണ്.ഭൂമിയിലെ വെള്ളവും വായുവും ഒരുപോലെ മലിനമാകുന്നു.നഗരങ്ങൾ വളരുകയും വ്യവസായങ്ങൾ പെരുകുകയും ചെയ്യുന്നതിനനുസരിച്ച് സ്വാഭാവികമായും നഗരങ്ങളിൽ ജനപ്പെരുപ്പമുാകും.അതോടൊപ്പം മാലിന്യങ്ങൾ കുന്നു കൂടും.എന്നാൽ ഈ മാലിന്യങ്ങളെ വേണ്ടപോലെ കൈകാര്യം ചെയ്യാനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ കണ്ടെത്തുകയും അവ പ്രാവർത്തികമാക്കുകയും വേണം.അല്ലെങ്കിൽ പരിസ്ഥിതി ദുഷിക്കും. രോഗങ്ങൾ പടരും.ആശുപത്രികൾ നിർമിച്ചതുകൊണ്ടോ പുതിയ ഔഷധങ്ങൾ കണ്ടെത്തിയതുകൊണ്ടോ മാത്രം ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല.വീടും പറമ്പും വൃത്തിയാക്കുമ്പോൾ മാലിന്യങ്ങൾ അശ്രദ്ധമായി വലിച്ചെറിയരുത്.പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിച്ച് പുനരുപയോഗിക്കാം.ജനങ്ങളിൽ ശുചിത്വത്തെക്കുറിച്ചും മാലിന്യസംസ്ക്കരണത്തെപ്പറ്റിയും അവബോധം വളർത്തണം.പ്രകൃതി സംരക്ഷണം സമൂഹജീവിതത്തിന്റെ ഭാഗമായിരുന്ന ഒരു കാലം ഉണ്ടായിരുന്നു.നമ്മുടെ പ്രകൃതിയാകുന്ന അമ്മയുടെ ആരോഗ്യം സുരക്ഷിതമായിരുന്നാൽ നമ്മൾ

വായുവും വെള്ളവും ആഹാരവും പോഷകാംശങ്ങൾ അടങ്ങിയതായിരിക്കും.അതുകൊണ്ട് പ്രകൃതിയെ മലിനമാക്കാതെ നമുക്ക് സംരക്ഷിക്കാൻ കഴിഞ്ഞാൽ അതിന്റെ ഗുണഫലം ഭാവിതലമുറക്ക് നമ്മൾ കൊടുക്കുന്ന ഒരു വാഗ്ദാനമാകും.

**ലേഖനം**

# സോഷ്യൽ മീഡിയ സമൂഹത്തിന് ഗുണമോ ദോഷമോ

**ആഷ്ന എട്ട്.സി**

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ മീഡിയയ്ക്കുള്ള പങ്ക് എത്ര വലുതാണെന്ന് നമുക്ക് അ റിയാവുന്നതാണ്. സോഷ്യൽ മീഡിയ യിലൂടെ നമുക്ക് ഉപയോഗപ്രദമായ ധാരാളം വിവരങ്ങൾ ലഭിക്കും.കൊച്ചുകുട്ടി കൾ പോലും വാട്സ് ആപ്പും ഫെയ്സ്ബുക്കും ഉള്ള ആധുനികകാലത്തിന്റെ ആർഭാടകരമായ ജീവിതത്തിലാണ് നാം ഇന്ന്.

സോഷ്യൽ മീഡിയ എന്ന ലോകത്ത് ജീവിക്കുന്നവർ അവരുടേതായ ലോകം സൃഷ്ടിക്കുന്നു.അതിനകത്ത് ഒതുങ്ങി ജീവിക്കാനായിരിക്കും അവർ ആഗ്രഹി ക്കുന്നത്.പുറം ലോകവുമായി അവർക്ക് ഒരു ബന്ധവും ഉണ്ട ാകില്ല. സോഷ്യൽ മീഡിയയിലെ അറിവുകൾ ദുരുപയോഗം ചെയ്യുന്നവരാണ് അധികവും.അവർ സോഷ്യൽ മീഡിയ എന്ന കവാടത്തിൽ അവരുടേതായ ലോകം സൃഷ്ടിക്കുന്നു. അതിനാൽ അവയെ ദുരുപയോഗം ചെയ്യാതെ അറിവിനായി ഉപയോഗിക്കുക.

ചെറുകഥ

# അർത്ഥങ്ങൾ

**ആദിത്യ .എസ് പത്ത്.സി**

അച്ഛന്റെ അമ്മാവൻ ഒരു സ്വാതന്ത്ര്യ സമര സേനാനി മരിച്ചു. കസേര,ടാർപ്പോളിൻ,ചിതയൊരുക്കൽ,പൊതു ദർശനം തുടങ്ങി മരണത്തിനു വേണ്ട എല്ലാ സജ്ജീകരണങ്ങളുടെയും ചാർജ്ജ് ഓരോ ബന്ധുക്കൾ ഏറ്റെടുത്തു. അച്ഛന് കിട്ടിയത് പബ്ലിസിറ്റിയാണ്.കൂടെ ഞാനുമുണ്ട്.

ആദ്യം പത്രം ആഫീസിലാണ് വിളിച്ചത്.ഹലോ മാതൃഭൂമി എഡിറ്റർ ,നമ്മുടെ സ്വാതന്ത്ര്യ സമര സേനാനി രാഘവൻ മാഷ് വിടവാങ്ങി.

ഇതേ സന്ദർഭം പത്രത്തിന്റെ ചാനലിലും പേരുമാറ്റി പറഞ്ഞു.അടുത്തത് മന്ത്രിമാർ,കലക്ടർ,രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവരെ വിളിച്ചു.

തുടർന്ന് സഞ്ചയന കാർഡ്,പോസ്റ്റർ തുടങ്ങിയവയുടെ തലക്കെട്ട് പറഞ്ഞു കൊടുക്കലാണ്.

സ്വാതന്ത്ര്യ സമര സേനാനി രാഘവൻ മാഷ് നിര്യാതനായി. തുടർന്ന് ബന്ധുക്കളെ അറിയിക്കലായി.രാഘവൻ മാഷ് മരിച്ചുപോയി.

പ്രചരണം കഴിഞ്ഞു.ശവദാഹവും സഞ്ചയനവും പതിനാറടിയന്തിരവും പൊടിപൊടിച്ചു.

മാസങ്ങൾക്കു ശേഷം എന്റെ വീട്ടിലെ നായ അനക്കമില്ലാതെ കിടന്നപ്പോൾ ഞാൻ അച്ഛനോടു പറഞ്ഞു.

അച്ഛാ നായ മരിച്ചോ,അന്തരിച്ചോ,വിടവാങ്ങിയോ എന്താ ചെയ്തത്?

ശ്ശെ അങ്ങനെ പറയരുത് മോനേ,മനുഷ്യഗണത്തിലെ വലിയ വ്യക്തികൾ യമപുരിയിൽ പോകുമ്പോഴാണ് ഈ വാക്കുകൾ നമ്മൾ ഉപയോഗിക്കുന്നത്.നായയോ പൂച്ചയോ മറ്റു പക്ഷി മൃഗാദികളോ യമപുരിയിൽ പോകുമ്പോൾ ചത്തു പോയി എന്നു വേണം പറയാൻ.

ഒരാഴ്ച കഴിഞ്ഞപ്പോൾ വീട്ടിൽ അച്ഛന്റെ പഴയൊരു സുഹൃത്തു വന്നു. സൗഹൃദ സംഭാഷണം ആരംഭിച്ചു.അച്ഛൻ ചോദിച്ചു നിന്റെ അച്ഛനും അമ്മയും ?

അവറ്റകൾ പത്തു പന്ത്രു കൊല്ലം മുമ്പ് ചത്തു പോയി.

പിറ്റേ ദിവസം എന്റെ ആൽബം പ്രോജക്ടിലെ അനിമൽ സെക്ഷനിൽ പുതിയ രണ്ട് മൃഗങ്ങളെ കണ്ട് ടീച്ചറും കൂട്ടുകാരും അത്ഭുതപ്പെട്ടു.

കവിത



# ഗാന്ധിജി

മുഹമ്മദ് ആഷിക്.എം പത്ത്.എ

ഭാരതത്തിൻ സ്നേഹം
അഹിംസ തന്റെ രൂപം
സ്വാതന്ത്ര്യത്തിൻ നാദം
ലോകമെങ്ങും സത്യം
ഒറ്റവടി യൂന്നി
ഒറ്റ വഴി മാത്രം
ഗാന്ധി മാർഗ്ഗ യാത്ര

ലേഖനം



# അഭയാർത്ഥികൾ

ആദിത്യനാഥ് എട്ട്. എട്ട്.സി

ഈ ഭൂമിയും ആകാശവും ഇനി നമ്മുടേതല്ല.അവർ ഒന്നുമില്ലാത്തവരല്ല.ഭൂമിയിലെ മറ്റു മനുഷ്യരെപ്പോലെ ഉറ്റവരും ഉടയവരും സ്വന്തമായി വീടും മറ്റല്ലാ സൗകര്യവുമുള്ളവരാണ്.എന്നിട്ടും തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ സ്വന്തമായി ഉള്ളതെല്ലാം വിട്ട് വലിയൊരു യാത്രക്ക് അവർ നിർബന്ധിതരാകുന്നു.ലോകത്തിലെ മറ്റൊരു യാത്രയുമായും താരതമ്യം ചെയ്യാനാവില്ല അവരുടെ പലായനങ്ങളെ.ഒരു ലക്ഷ്യവും ഇല്ലാതെ എങ്ങോട്ടെന്നില്ലാതെ അവർ യാത്ര ചെയ്യുന്നു.ഒപ്പമുള്ളത് അസംഖ്യം ദുരിതങ്ങൾ മാത്രം.മുന്നിലുള്ളതാവട്ടെ ,അനിശ്ചിതമായ ഭാവിയും.ലോകത്തിനു മുന്നിൽ ചോദ്യചിഹ്നമായി നിൽക്കുന്ന അഭയാർത്ഥികളെക്കുറിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്.

2017 ആഗസ്റ്റ് മുതൽ 3,70000 റോഹിൻഗ്യൻ അഭയാർത്ഥികൾ മ്യാൻമാറിൽ നിന്ന് പലായനം ചെയ്തതായി ഐക്യരാഷ്ട്ര സംഘടന പറയുന്നു.കൂടുതലും ബംഗ്ലാദേശിലേക്കാണ് ഇവർ പോകുന്നത്.1948 ൽ ബർമയുടെ സ്വാതന്ത്ര്യത്തോടനുബന്ധിച്ചാണ് ഇവരുടെ ദുരിതങ്ങൾ ആരംഭിക്കുന്നത്.1959 –ൽ അവരെ പ്രത്യേക വർഗ്ഗമായി അംഗീകരിക്കുകയും പൗരാവകാശങ്ങൾ നൽകുകയും ചെയ്തു.എന്നാൽ 1962 ൽ സൈന്യം ഭരണം പിടിച്ചതോടെ അവരുടെ അവകാശങ്ങൾ തീർത്തും ഇല്ലാതെ ആയി.1978 ൽ മ്യാൻമാറിലെ പട്ടാളം ക്രൂര മർദ്ദനങ്ങൾ അഴിച്ചു വിട്ടു.നൂറു കണക്കിനാളുകൾ കൊല്ലപ്പെട്ടു.മറ്റുള്ളവരെ ബലം പ്രയോഗിച്ച് പെരുവഴിയിലാക്കി.

റോഹിൻഗ്യകൾ മാത്രമല്ല ആ ലോകത്ത് അഭായാർത്ഥികൾ.ഓരോ ദുരന്തത്തിലും നിരവധി അഭായാർത്ഥികൾ ഉണ്ടാകുന്നു.മറ്റുള്ളവരിൽ നിന്ന് അഭയം ആഗ്രഹിച്ച് ഈ ലോകം ചുറ്റുന്ന ഇവർ പിറന്ന നാടും വീടും ഉപേക്ഷിച്ച് അന്യനാടുകളിലേക്ക് പോകണമെന്ന വിധി അനുഭവിക്കുന്നു.ഇവരെ പുശ്ചിച്ചു തള്ളുന്ന നമ്മളും നാളെ അഭയാർത്ഥികൾ ആയിക്കൂടെന്നില്ല.ജൂൺ ഇരുപതാണ് ലോക അഭയാർത്ഥി ദിനം.

**ലേഖനം**

# ഓണക്കാലത്തെ മാവേലിമാർ

**അഭിജിത്ത്.കെ ഒൻപത്.സി**

ഓണക്കാലത്താണ് മാവേലി കേരളത്തിൽ വരുന്നത്. ഐതിഹ്യം അതാണ്.എന്നാൽ ഈ വർഷത്തെ ഓണം അത് യാഥാർത്ഥ്യമാക്കി. മാവേലിയുടെ നന്മയും സ്നേഹവും യുവാക്കളിലൂടെയും രക്ഷാപ്രവർത്തകരിലൂടെയും നമ്മൾ തിരിച്ചറിഞ്ഞു.പ്രളയം കേരളത്തെ മുക്കിയപ്പോൾ ആ ദുരിതത്തിൽ നിന്ന് കേരളത്തെ രക്ഷിച്ചതും ഈ മാവേലിമാർ തന്നെ.ഓരോരുത്തരും അവരുടെ ജീവൻ മറ്റുള്ളവർക്കു വേണ്ടി സമർപ്പിച്ചു.പുതു തലമുറക്ക് ചിന്താശേഷിയില്ല എന്നുള്ളതാണ് പൊതുവായ കാഴ്ചപ്പാട്.എന്നാൽ ഈ പ്രളയം വന്നതോടെ ആ ധാരണ മാറി. അവരുടെ പ്രയത്നത്തിന്റെ ഫലമായാണ് കേരളം പൂർവ സ്ഥിതിയിലായത്.ഏതു ദുരിത ഘട്ടത്തിലും ഉയർന്നവരാകാൻ കഴിയുന്ന ജനതയാണ് കേരളീയർ.യുവതലമുറ വിവേക ബുദ്ധിയും ചിന്താശേഷിയുമുള്ളവരാണ്.സംശയമില്ല.



**കവിത**

# സ്നേഹം

സ്നേഹ എസ്.നായർ പത്ത്.സി

സ്നേഹം ശോഭ പരത്തുന്നു
എങ്ങും സൽഗുണമേകുന്നു
ചീറിയടുത്തേക്കെത്തുന്ന
ശത്രുത പോലുമകലുന്നു
വിദ്യാശീലർക്കെന്നല്ല
ആർക്കും വേണം സ്നേഹ ഗുണം
ദൈവം ദൈവം എന്നോർത്ത്
കാണാൻ കണ്ണു കൊതിപ്പോർക്കും
സ്നേഹം കൊണ്ട മതിയാകൂ
ഈശ്വര രൂപം ദർശിക്കാൻ



**ലേഖനം**

# വില്ലനാകുന്ന ഗെയിമുകൾ

**അർച്ചന ഒൻപത്.സി**



ഇന്ന് വളരെയധികം അപകട കാരികളാകുന്നത് ഗെയിമുകളാണ്.ചെറിയ കുട്ടികൾ മുതൽ വലിയ കുട്ടികൾ വരെ വിവിധ ഗെയിമുകൾക്ക് അടിമ കളാണ്.എന്നാൽ ഇന്ന് കാണുന്ന പല ഗെയിമുകളുടെയും ഭീകരത നാം മനസ്സിലാക്കുന്നില്ല.കൗമാരക്കാരിൽ ഒരു വലിയ വിഭാഗം ഗെയിമുകൾക്ക് അടിമകളാണ്.തന്റെ ഉത്തരവാദിത്തങ്ങൾ മറന്ന് അവർ ഇതിൽ മുഴുകി ഇരിക്കുന്നു.

അടുത്ത കാലത്ത് വില്ലനായി വന്ന ഗെയിമുകളാണ് ബ്ലൂവെയിലും മോമോയും.ഈ മരണക്കെണിയിൽ ജീവനുകൾ വളരെ വലുതാണ്.നാളെയുടെ പ്രതീക്ഷകളായ കുട്ടികൾ ചിലന്തി വലയിൽ പ്രാണികൾ കുടുങ്ങുന്നതു പോലെയാണ് കുട്ടികൾ പെട്ടു പോയത്.കൗമാരക്കാരെ എളുപ്പത്തിൽ കുടുക്കാൻ കഴിയുന്ന വിദ്യയാണ് ഗെയിമുകൾ.ഇന്ന് കുഞ്ഞു കുട്ടികൾ പോലും സ്മാർട്ട് ഫോണുകൾക്ക് മുന്നിലാണ്.ഗെയിമുകളുടെ ഭീകരത മാതാപിതാക്കൾ മനസ്സിലാക്കുന്നില്ല.അതുകൊ **ണ്ടു** തന്നെ ഈ അവസ്ഥ തുടരുകയാണ്.കുട്ടികൾ അടങ്ങിയിരിക്കാൻ പല മാതാപിതാക്കളും സ്മാർട്ട്ഫോൺ നൽകുന്ന പ്രവണത കൂടി വരുന്നു.ഇതിന്റെ ദൂഷ്യഫലത്തെക്കുറിച്ച് അവർ ബോധവാന്മാരാകേ**ണ്ട**ത് വളരെ അത്യാവശ്യമാണ്.ഗെയിമുകൾക്ക് അടിമപ്പെടാനുള്ളതല്ല നമ്മുടെ ജീവിതം.ഈ സമയം വായനക്കായി ഉപയോഗിച്ചാലോ ഉയരങ്ങളാണ് നമുക്ക് സ്വന്തം.

**ലേഖനം**

# സമയം ഒരു അമൂല്യരത്നം

ആര്യറാം പത്ത്.ബി



സമയത്തിന്റെ മൂല്യം തിരിച്ചറിയാത്തവരാണ് നാം.മൂല്യമുള്ള രത്നങ്ങൾ നാം എത്ര ഗൗരവത്തിലാണോ സൂക്ഷിക്കുന്നത് അതിലേറെ പരിഗണന സമയം അർഹിക്കുന്നു.ലോകത്തിലെ ഏറ്റവും ഉന്നതനും താണവനും ഇരുപത്തിനാലു മണിക്കൂർ മാത്രമാണ് കിട്ടുന്നത്.പക്ഷെ അതിനെ ക്രിയാത്മകമായി ഉപയോഗിക്കുന്നിടത്താണ് നാം വിജയിക്കേത്.സമയം നമുക്കു വേണ്ടി കാത്തുനിൽക്കുകയില്ല.നാം സമയത്തെ കാത്തുനിൽക്കുകയാണ് വേണ്ടത.

സമയത്തെ സ്റ്റോർ ചെയ്ത് സൂക്ഷിക്കാനാകില്ല.എന്നാൽ സേവ് ചെയ്യാനാകും. കാര്യങ്ങളുടെ ഗൗരവമനുസരിച്ച് സമയത്തിന് നാം മുൻഗണന കൊടുക്കണം. ആവശ്യമില്ലാത്ത കാര്യങ്ങൾ ചെയ്യാതിരിക്കുന്നതാണ് ഉചിതം.എല്ലാ കാര്യങ്ങളും ഒരേ സമയം നടക്കില്ലെന്നതാണ് സമയത്തിന്റെ പ്രത്യേകത.ഇന്നത്തെ കാര്യം ഇന്നു തന്നെ തീർക്കുക.കാരണം നാളെകൾ നമുക്കുണ്ട ാകുമോ എന്നറിയില്ല.ജീവിതത്തിന്റെ ഒരു മണിക്കൂർ പാഴാക്കാൻ ധൈര്യം കാണിച്ചവർ സമയത്തിന്റെ പ്രാധാന്യം തിരിച്ചറിയാത്തവരാണ്.നാം നന്നായി ആഗ്രഹിക്കുന്നതും മോശമായി ഉപയോഗപ്പെടുത്തുന്നതുമായ വസ്തുതയാണ് സമയം.സമയം പാഴാക്കുക എന്നു നാം പറയുന്നു.പക്ഷെ അത് അസാധ്യമാണ്.നാം നമ്മെത്തന്നെയാണ് പാഴാക്കുന്നത്.ചുരുക്കത്തിൽ സമയം അമൂല്യമായ വസ്തുതയാണ്.ഒന്നു ഓർക്കൂ.എത്രയെന്നതിലല്ല,എങ്ങനെയെന്നതിലാണ് സമയത്തിൽ പ്രാധാന്യം എന്ന് സമയം നമ്മെ ഓർമ്മിപ്പിക്കുന്നു.

ലേഖനം

# ട്രോളന്മാരും സമൂഹവും

ആദിത്യ പത്ത്.സി

നമ്മുടെ നാട്ടിൽ അടുത്തിടെ അവതരിച്ച ഒരു കൂട്ടരാണ് ട്രോളന്മാർ.ഇവർ സാമൂഹിക പ്രതിബദ്ധതയുള്ളവരാണോ.അതോ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പരസ്യം നൽകുന്നവരാണോ എന്നൊന്നും അറിയില്ല.ട്രോളന്മാരുടെ വലയിൽപ്പെടാത്ത രാഷ്ട്രീയക്കാരോ സിനിമാക്കാരോ സമൂഹത്തിൽ ഉന്നത സ്ഥാനങ്ങളിലുള്ളവരോ ഇല്ല.ചില ട്രോളുകൾക്ക് നല്ല ഉദ്ദേശശുദ്ധിയാണുള്ളത്.പക്ഷെ മറ്റു ചിലത് ചളി മാത്രമാണ്.ആരാധനയോ അടിമത്തമോ ആണ് ഇത്തരം മോശം ട്രോളുകൾക്ക് കാരണം.ഫോട്ടോ ട്രോളുകളും വീഡിയോ ട്രോളുകളും ഇന്ന് നിലവിലുണ്ട്.

ട്രോളുകൾ സമൂഹത്തിൽ വൈറലാകുന്നത് നവമാധ്യമങ്ങൾ വഴിയാണ്. വാട്സ് ആപ്പിലും ഫെയ്സ് ബുക്കിലുമെല്ലാം വൈറലാകുന്ന ട്രോളുകളെ ചുറ്റിപ്പറ്റി അസഭ്യകമന്റുകളും പോർവിളികളും എല്ലാം ഉണ്ടാകാറു്. വിഷയം രാഷ്ട്രീയമാകുമ്പോൾ പ്രതികരണങ്ങളും വർദ്ധിക്കും.ചില ട്രോളുകൾപടച്ചുവിടുന്നത്പരസ്യങ്ങൾക്കുംപ്രശസ്തിക്കും വേണ്ടിയാവാം.സ്വന്തം അഭിപ്രായം പ്രചരിപ്പിക്കുന്നത് നല്ലതാണ്.പക്ഷെ,വ്യക്തിപരമായി വേദനിപ്പിക്കുന്നതും സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയും അപമാനിക്കുന്നതും ശരിയതന്നെ.



കവിത

# നാദം നിലച്ച വയലിൻ

രാഹുൽ രാജേഷ് പത്ത്.എ

വയലിൻ നാദം നിലച്ചു
ശ്രുതിലയ നാദം കേൾപ്പിച്ച
ബാലഭാസ്കർ മറഞ്ഞു
മങ്ങിമായുന്നൊരു
കൊച്ചു ലോകത്തിൽ
സംഗീതം കൊണ്ടാവർണ്ണം
പകർന്നു നീ
സാന്ദ്ര മേഘം പോലെ മനസ്സാം
മയൂരത്തെ നർത്തനം ചെയ്യിച്ചു നീ
നിൻ സംഗീത ലാവണ്യമെഴും
ഭാവനാ ചാതുരിയിൽ
നിശപോയതറിഞ്ഞില്ല
ഒരു പുലരിയുണരുമ്പോൾ
കണ്ടില്ല അവൾ തൻ പ്രിയ
സഹയാത്രികനെ
കഴിഞ്ഞ രാത്രി തൻ ഓർമയിൽ
ആകാശ നീലപ്പരപ്പിൽ
അലിഞ്ഞു നീ
കുറിച്ചിട്ടട്ടെ ഇന്നീ വരികൾ
ഒരു വയലിന്റെ ഓർമയ്ക്കായി



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

- കൈലാസ്.എസ്
- അരവിന്ദ്.എ
- സുനാജ്.എസ്
- വസന്തകുമാർ.എസ്.കെ
- അക്ഷയ് ജെ.എം
- സെയ്ദലി എസ്.എസ്
- ആസിഫ്.എസ്
- അബികൃഷ്ണൻ
- അഭിഷേക് ആർ.എസ്
- ദീപു സുരേഷ്
- ബിലാൽ മുഹമ്മദ് എസ്.
- നൗഷിർ എൻ
- നിതിൻ സുരേഷ്
- അജൽ ആർ.എസ്
- മുഹമ്മദ് സുഹാൻ എൻ.എസ്
- അനന്തു.എ
- ഗോകുൽ ആർ.ബി
- സന്ദീപ് എസ്
- ആദിൽ മുഹമ്മദ്
- അഫ്സൽ .എസ്
- അനന്തകൃഷ്ണൻ നായർ.ജി
- ഗോപി കാർത്തിക്
- ബാലാനന്ദ് വി.വി
- മുഹമ്മദ് ഫൈസൽ .എസ്
- വിഷ്ണു വി.നായർ
- അഭിരാം അശോക്
- മുഹമ്മദ് ഷിഫാൻ എസ്.എസ്
- ഹരികൃഷ്ണൻ എം.എൽ
- സൂര്യ കിരൺ എ.എസ്
- അലിഫ് മുഹമ്മദ് എസ്
- മുഹമ്മദ് ഹാഷിക്
- വൈഷ്ണവ് ചന്ദ്രൻ

# നന്ദി

കൂട്ടക്ഷരങ്ങൾക്ക്  കരുത്തും ബലവും നൽകാൻ ഒത്തൊരുമയോടെ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
ഞങ്ങൾക്ക് പിന്തുണ നൽകിയ അദ്ധ്യാപകർക്കും
രചനകൾകൊണ്ട് സഹകരിച്ച നെടുവേലി സ്കൂളിലെ എല്ലാ കുട്ടികൾക്കും
പ്രത്യേക നന്ദി അറിയിക്കുന്നു.

